**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011-2014)

**ഏഴാമത് റിപ്പോർട്ട്**

(2014 ജനുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

# (2011-2014)

ഏഴാമത് റിപ്പോർട്ട്

(എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗം സംബന്ധിച്ച്)

284/2014.

# ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| I. സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും | .. | 8 |
| II. എസ്.സി.പി./ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വ്യവസായ വകുപ്പ് ലഭ്യമാക്കിയ വിശദവിവരങ്ങൾ | .. | 11 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

## ആമുഖം

സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ-SCP (പ്രത്യേക ഘടക പദ്ധതി), ട്രൈബൽ സബ് പ്ലാൻ-TSP (പട്ടികവർഗ്ഗ ഉപപദ്ധതി) എന്നീ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം പഠിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2011-14) വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും 10-10-2012-ൽ നിയമസഭാ സമുച്ചയത്തിൽ വച്ചും 29-10-2012-ൽ കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചും തെളിവെടുപ്പ് നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്നിട്ടുള്ള സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

# റിപ്പോർട്ട്

സമൂഹത്തിലെ ഓരോ വ്യക്തിയും സാമൂഹികമായും സാമ്പത്തികമായും വികാസം പ്രാപിച്ചാൽ മാത്രമേ രാജ്യം സർവ്വതോന്മുഖമായ പുരോഗതി കൈവരിച്ചു വെന്ന് നമുക്ക് അഭിമാനിക്കുവാൻ സാധിക്കുകയുള്ളു. വർഷങ്ങളോളം അടിച്ചമർത്ത പ്പെട്ടവരും തങ്ങളുടേത് മാത്രമായ സാമൂഹ്യ സ്ഥിതിയിലും സംസ്കാരത്തിലും ഒതുങ്ങി ജീവിക്കുന്നവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാരെ പുരോഗതിയുടെ മുഖ്യധാരയിലേക്ക് കൈപിടിച്ച് ഉയർത്തേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. അതിൻപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അവരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിരവധി പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതികമായിട്ടുള്ള തുക ഓരോ ബഡ്ജറ്റിലും വകയിരുത്തി വരുന്നതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ അവ എത്രമാത്രം പ്രസ്തുത ജനവിഭാഗങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുന്നു, ഏതൊക്കെ പദ്ധതികളിലൂടെയാണ് അവ പൂർത്തീകരിക്കപ്പെടുന്നത് എന്നത് പരിശോധി ക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി അതിന്റെ ഭാഗമായി സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ (പ്രത്യേക ഘടക പദ്ധതി-SCP), ട്രൈബൽ സബ് പ്ലാൻ (പട്ടികവർഗ്ഗ ഉപ പദ്ധതി-TSP) എന്നീ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി. തുടർന്ന് സമിതി സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും 10-10-2012-ൽ തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിൽ വച്ചും 29-10-2012-ൽ കോഴിക്കോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചും തെളിവെടുപ്പു നടത്തുകയും വിവരങ്ങൾ ശേഖരിക്കു കയും ചെയ്തു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗത്തിൽ വന്നിട്ടുള്ള പോരായ്മകളെക്കുറിച്ചും പ്രസ്തുത വിഭാഗക്കാർക്ക് ഉദ്യോഗസ്ഥതലത്തിൽ നീതി ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ അവയുടെ പരിഹാരമാർഗ്ഗ ങ്ങളെക്കുറിച്ചും പ്രസ്തുത തെളിവെടുപ്പുയോഗങ്ങളിൽ വച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി.

2. അപ്രകാരം സമിതി നടത്തിയ പഠനത്തിന്റെ ഭാഗമായി നടന്ന ചർച്ചകളി ലൂടെയും തെളിവെടുപ്പുകളിലൂടെയും സമിതിക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാന ത്തിൽ ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഉതകുന്നതും അപചയങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സഹായകരവും ആകുമെന്ന് സമിതി കരുതുന്ന ഏതാനും നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലൂടെ സമിതി മുന്നോട്ടുവയ്ക്കുന്നത്.

3. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കിയതിലുള്ള അപാകതകൾ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം (1974-75) മുതൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള വികസന പദ്ധതികൾമൂലമുള്ള ഗുണം പരമാവധി അവർക്കുതന്നെ അനുഭവവേദ്യമാകത്തക്കവിധവും എന്നാൽ അവരുടെ ജീവിത സംസ്കാരത്തിന് യാതൊരു കോട്ടവും തട്ടാത്ത രീതിയിലും നടപ്പാക്കിവരുന്നു.

അപ്രകാരം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ ആനുപാതികമായി നടപ്പിലാക്കിവരുന്ന സ്പെഷ്യൽ കമ്പോണന്റ് പ്ലാനും ട്രൈബൽ സബ് പ്ലാനും വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിന്റെ ഏകദേശം 11.8% ഉൾക്കൊള്ളുന്നതായി സമിതി മനസ്സിലാക്കുന്നു.

4. എസ്.സി.പി./ടി.എസ്.പി. എന്നിവ വിഭാവനം ചെയ്യുന്നതും കുടുംബ കേന്ദ്രീകൃത സമീപനത്തിൽ (Household Centred Approach) അധിഷ്ഠിതവുമായ വിവിധ പദ്ധതികൾ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നല്കിവരുന്നത്. സാമൂഹിക സാമ്പത്തിക വികസനത്തിനായുള്ള പ്രോജക്ടുകൾ NRLM (National Rural Livelihood Mission) പദ്ധതിയുമായി ബന്ധിപ്പിച്ചാണ് നടപ്പാക്കിവരുന്നത്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സമഗ്ര സർവ്വേയുടെ ഡാറ്റാ അടിസ്ഥാനപ്പെടുത്തിയായിരിക്കണം മുഴുവൻ ആസൂത്രണവും നടത്തേണ്ടത് എന്നതാണ് അടിസ്ഥാന തത്വം. ഇത്തരത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി വർഷത്തെ ആസൂത്രിത പ്രവർത്തനങ്ങളുടെ ഫലമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അവസ്ഥ ഒരു പരിധിവരെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാര സമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും ഈ വിഭാഗം ലക്ഷ്യത്തിലെത്തിയിട്ടില്ലെന്നും ആയതിലേക്ക് നിരവധി വികസന വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതായിട്ടുണ്ടെന്നും സമിതി കരുതുന്നു.

5. വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് കേരളത്തിൽ മൊത്തം 230 ഷെഡ് ഇക്വലന്റുകളാണ് ചെറുകിട വ്യവസായങ്ങൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളതെന്നും ഇതിൽ 217 എണ്ണം പട്ടികജാതി വിഭാഗക്കാർക്കും 13 എണ്ണം പട്ടികവർഗ്ഗക്കാർക്കും പ്രയോജനപ്പെടുന്നവയാണെന്നും സമിതിയുടെ തെളിവെടുപ്പുവേളയിൽ വെളിവാക്കപ്പെട്ടു. മൊത്തമുള്ള 230 ഷെഡ് ഇക്വലന്റുകളിൽ 142 യൂണിറ്റുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്നും 33 യൂണിറ്റുകൾ പ്രതിസന്ധിയിലാണെന്നും 11 യൂണിറ്റുകൾ ഇനിയും അലോട്ട് ചെയ്യാനുണ്ടെന്നും സമിതി മനസ്സിലാക്കി. ഉല്പന്നങ്ങൾക്ക് വേണ്ടത്ര മാർക്കറ്റ് ലഭിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയും തൊഴിലാളികളുടെ ലഭ്യതക്കുറവുമാണ് യൂണിറ്റുകളുടെ പ്രതിസന്ധിക്ക് കാരണമെന്ന് സമിതി മുമ്പാകെ ചൂണ്ടിക്കാണിക്കപ്പെട്ടു. വ്യവസായ വകുപ്പിന്റെ കീഴിൽ എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്രതിസന്ധിയിലായവയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനും മോശാവസ്ഥയിലുള്ള സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിനും വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി വിശദമായി ചർച്ച നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ ആരായുകയും ചെയ്യുകയുണ്ടായി.

6. വ്യവസായ പാർക്കുകളിൽ ഷെഡ്ഡുകൾക്കും സ്ഥലത്തിനും വ്യവസായ വകുപ്പ് ഒരു സ്ക്വയർ ഫീറ്റിന് പ്രതിമാസം 50 പൈസ നിരക്കിലാണ് ഈടാക്കുന്നതെന്നും അമിതവാടക ഈടാക്കാറില്ലെന്നും സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യപ്പെട്ടു. വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായം ആരംഭിക്കുന്നതിന് കിൻഫ്രയിൽനിന്നും വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിക്കുന്ന പ്രോജക്ടുകൾ നിലവിലുണ്ടെങ്കിൽ അവ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാക്കണമെന്നും അപ്രകാരം വ്യവസായ

പാർക്കുകളിൽ സ്ഥലവും ഷെഡ്ഡുകളും ലഭ്യമാക്കുമ്പോൾ വാടകയിനത്തിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. വ്യവസായ വാണിജ്യ വകുപ്പ് എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് 14 ജില്ലകളിൽ നാളിതുവരെ 239 വർക്ക് ഷെഡ്ഡുകൾ നിർമ്മിച്ചതായും ഇവയിൽ 130 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നതായും ഇനിയും പ്രവർത്തനക്ഷമമാകാൻ 30 യൂണിറ്റുകളുള്ളതായും 79 യൂണിറ്റുകൾ പ്രവർത്തനം നിലച്ചുപോയതായും സമിതിക്ക് ബോധ്യപ്പെട്ടു. പ്രവർത്തിക്കുന്ന 130 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ ഉല്പാദനം, വില്പന, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠന വിധേയമാക്കണമെന്നും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

8. അതുപോലെ പ്രവർത്തനം നിലച്ചുപോയിട്ടുള്ള യൂണിറ്റുകളുടെ പ്രവർത്തനം നിലയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ മനസ്സിലാക്കി അവ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ ഭൗതിക സാഹചര്യങ്ങളാണ് ആവശ്യമെന്ന് വിലയിരുത്തി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. ഇനിയും പ്രവർത്തനസജ്ജമാക്കേണ്ട 30 യൂണിറ്റുകൾ എത്രയുംവേഗം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ അധിക ബഡ്ജറ്റ് വിഹിതം അനിവാര്യമാണെങ്കിൽ അതൊരു പ്രത്യേക പാക്കേജായി പരിഗണിച്ച് ആവശ്യമായ തുക വകയിരുത്തുവാൻ ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. വ്യവസായ വകുപ്പിൽനിന്നും ലഭ്യമായ റിപ്പോർട്ടിൽ 26 യൂണിറ്റുകൾ ഉണ്ടെന്ന് പറഞ്ഞിരിക്കുന്നതിൽ തോന്നയ്ക്കൽ പട്ടികജാതി കോളനിയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ കാര്യം ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ പട്ടികജാതി കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഷെഡ്ഡുകളുടെ നിർമ്മാണത്തിൽ വ്യവസായ വാണിജ്യ വകുപ്പിന് പങ്കുണ്ടോ ; ഉണ്ടെങ്കിൽ അതിന് വിനിയോഗിച്ച തുകയും യൂണിറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

11. എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് സംസ്ഥാന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് സംസ്ഥാനത്ത് രണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തിയായിവരുന്നതായി സമിതിയിൽ വെളിവാക്കപ്പെട്ടു. അവയിൽ ആദ്യത്തേത് ഇടുക്കിയിൽ സ്ഥാപിക്കുവാൻ പോകുന്നതും എട്ട് ആദിവാസി വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതുമായ വീവിംഗ് സെന്ററാണെന്നും സമിതി മനസ്സിലാക്കി. എന്നാൽ രണ്ടാമത്തേത് പാലക്കാട് ചിതലിയിൽ നിലവിലുള്ള യൂണിറ്റിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ഒരു സിൽക്ക് വീവിംഗ് യൂണിറ്റായിട്ടാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി റ്റി.എസ്.പി. ഫണ്ടിൽനിന്നും 105.75 ലക്ഷം രൂപ അനുവദിച്ചതിൽ 60 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയെന്നും ബാക്കി തുകയായ 45.75 ലക്ഷം രൂപ ഉപയോഗിച്ച് തറിക്ക് ക്വട്ടേഷൻ ക്ഷണിച്ച് ഉടൻതന്നെ പർച്ചേയ്സ് നടത്തുമെന്നും പ്രസ്തുത സംരംഭത്തിലൂടെ 60 ഹരിജൻ യുവതികൾക്ക് ജോലി ലഭ്യമാകുമെന്നും

ഖാദി ബോർഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ച് ഉത്പാദനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. സമിതി മുമ്പാകെ ലഭ്യമായ സ്ഥിതിവിവരകണക്കുപ്രകാരം ഖാദി ബോർഡിലെ മിക്ക വ്യവസായ യൂണിറ്റുകളും അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണെന്നും 33000 തൊഴിലാളികൾ ഉണ്ടായിരുന്ന സ്ഥാപനത്തിൽ നിലവിൽ കഷ്ടിച്ച് പതിനായിരം തൊഴിലാളികൾ ആണ് ഉള്ളതെന്നും അവരുടെ മിനിമം വേതനം 150 രൂപയായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി നിലവിൽ ഖാദി ബോർഡിന്റെ കീഴിൽ എസ്.സി. വിഭാഗത്തിന് യൂണിറ്റുകൾ ഒന്നുംതന്നെയില്ലെന്നും, പാലക്കാടും ഇടുക്കിയിലും തുടങ്ങുന്ന യൂണിറ്റുകൾ എസ്.സി. വിഭാഗത്തിനുവേണ്ടിയുള്ളതാണെന്നും മനസ്സിലാക്കുന്നു. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കേണ്ടതാണെന്നാണ് സമിതിയുടെ സുചിന്തിതമായ അഭിപ്രായം. സംസ്ഥാനത്ത് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചവയും എന്നാൽ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമായ വ്യവസായ സംരംഭങ്ങളിൽ പുനരുജ്ജീവനം സാധ്യമായവയെ ഒരു പാക്കേജിൽപ്പെടുത്തി എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പുനരുജ്ജീവിപ്പിക്കണമെന്നും അതുവഴി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഓരോ സ്പെഷ്യൽ ഓഫീസർമാരെ നിയോഗിച്ച് ആവശ്യമായ പ്രവർത്തനം ഏകോപിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

13. എസ്.സി.പി./റ്റി.എസ്.പി. പദ്ധതികളിൽ പ്രത്യേക പരിഗണന നൽകിവരുന്ന കൈത്തറി വ്യവസായ സംരംഭക രംഗത്ത് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ദിവസക്കൂലി 150 രൂപയായി നിജപ്പെടുത്തിയിട്ടുണ്ടെന്നും ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങൾക്ക് നല്ല ഡിമാൻഡുള്ളതിനാൽ മാർക്കറ്റിംഗിന് പ്രയാസമില്ലെന്നും അസംസ്കൃത മെറ്റീരിയൽസിന് സബ്സിഡി ലഭിക്കുന്നുണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. എന്നാൽ ഈ ജോലിക്ക് സ്ത്രീകളെ തീരെ കിട്ടുന്നില്ലെന്നും പ്രവൃത്തിപരിചയം ഈ മേഖലയിൽ ഒരു പ്രധാന ഘടകമാണെന്നും നല്ല നെയ്ത്തുകാരാകണമെങ്കിൽ വർഷങ്ങൾ തന്നെയെടുക്കുമെന്നും അത്തരക്കാർക്ക് 600-650 രൂപവരെ പ്രതിദിനം വേതനം ലഭിക്കുമെന്നും സമിതിക്ക് മനസ്സിലായി. ഈ സാഹചര്യത്തിൽ കൈത്തറി വ്യവസായ യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾക്ക് ആകർഷകമായ ഇളവുകൾ നൽകി അവയെ പുനരുജ്ജീവിപ്പിക്കണമെന്നും വനിതകളെ പ്രത്യേകിച്ച് ഈ രംഗത്തേക്ക് ആകർഷിക്കുവാൻ പദ്ധതി തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. കയർ മേഖലയിലെ അവസ്ഥയും ഹാൻഡ്‌ലൂം മേഖലയിൽനിന്നും വ്യത്യസ്ഥമല്ല. പിരിമേഖലയിൽ 210 രൂപയും പ്രോഡക്റ്റ് മേഖലയിൽ 285 രൂപയും വേതനമായി നിശ്ചയിച്ചിരിക്കുന്നു. ഇവിടെ പിരിച്ചെടുക്കുന്ന ചകിരിക്ക് 20 രൂപയാണെങ്കിൽ

പൊള്ളാച്ചിയിൽ 12-13 രൂപയ്ക്ക് ചകിരി ലഭിക്കുമെന്നും ഇവിടെയുള്ള ഉല്പാദന ചെലവ് കണക്കാക്കി വില നിശ്ചയിക്കാൻ കഴിയുകയില്ലെന്നും എസ്.സി.പി./റ്റി.എസ്.പി. ഫണ്ടുപയോഗിച്ച് യൂണിറ്റ് തുടങ്ങുന്നതിന് 1993-ൽ തന്നെ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കി.

15. തൊഴിലുറപ്പ് പദ്ധതി വന്നതിനുശേഷം കയർ കൈത്തറി മേഖലകളിൽ തൊഴിലാളികൾ കുറയുന്നുണ്ടെങ്കിലും നിലവിൽ ഇലക്ട്രിസിറ്റി കണക്ഷനുള്ളവർക്ക് ഷെഡ്ഡുകളിലെങ്കിലും വ്യവസായ യൂണിറ്റുകൾ നിലനിർത്തേണ്ടതാണെന്നാണ് സമിതിയുടെ കാഴ്ചപ്പാട്. ട്രെഡീഷണൽ ഇൻഡസ്ട്രികൾ (പാരമ്പര്യ വ്യവസായം) തൊഴിലാളികളുടെ ലഭ്യതക്കുറവ് കാരണം നിലനിൽപ്പ് ഭീഷണി നേരിടുമ്പോൾതന്നെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഏതാണ്ട് 101 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് യൂണിറ്റുകളിൽ വിവിധ ട്രെയിഡുകളിൽ പരിശീലനം ലഭിച്ച നല്ലൊരുശതമാനം ചെറുപ്പക്കാർ തൊഴിൽരഹിതരാണെന്ന വസ്തുത കാണാതിരിക്കാൻവയ്യ. ഈ സാഹചര്യത്തിൽ ജോലിക്ക് തൊഴിലാളികളെ ലഭിക്കുന്നില്ലെന്ന് പറയുന്നതിൽ യാതൊരർത്ഥവുമില്ലെന്നും അടിസ്ഥാന പ്രശ്നം ശമ്പളക്കുറവായതിനാൽ പരിശീലനം നേടിയവരെല്ലാം മറ്റു ജോലി അന്വേഷിച്ചുപോകുന്നതാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുക വിവിധ സ്കീമിൽപ്പെടുത്തി ലഭിക്കുകയാണെങ്കിൽ വ്യവസായ സംരംഭങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നും ഇത്തരം സ്ഥാപനങ്ങൾക്ക് ബാങ്ക് ലോണുകൾ കൂടി ലഭ്യമാക്കുകയാണെങ്കിൽ അവ പ്രവർത്തനസജ്ജമാക്കാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ലെന്നും സമിതി ദൃഢമായി വിശ്വസിക്കുന്നു.

16. ആയതിനാൽ എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വർക്ക്ഷെഡ്ഡുകളിൽ പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി നല്ല വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എസ്.സി./എസ്.റ്റി.-ക്കാർക്ക് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണമെന്നും അതിനുള്ള ഒരു പാക്കേജ് തയ്യാറാക്കി അത് സംസ്ഥാന തലത്തിൽ പ്രചരണം നടത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

17. എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് പ്രകാരമുള്ള വ്യവസായ യൂണിറ്റുകൾ കുറവുള്ള ഒരു ജില്ലയാണ് കോഴിക്കോട്. അപേക്ഷകർ കുറവായതുകൊണ്ടാണോ അതോ വകുപ്പിൽ നിന്നും സഹായകരമായ നിലപാട് ഇല്ലാതെ വന്നതുകൊണ്ടാണോ ഈ സ്ഥിതിയുണ്ടായത് എന്ന കാര്യത്തിൽ സമിതിക്ക് ആശങ്കയുണ്ട്. ഏറ്റവും കൂടുതൽ ഡിമാന്റുള്ള ആണി ഉല്പാദിപ്പിക്കുന്ന വ്യവസായ യൂണിറ്റുള്ളത് കോഴിക്കോടാണ്. കോഴിക്കോട് ജില്ലയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആണി ഉല്പാദന യൂണിറ്റ് മെച്ചപ്പെടുത്തുവാനും ആധുനികയുഗത്തിന് കൂടുതൽ ആവശ്യമുള്ള ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുവാനും നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭത്തിലാക്കുന്നതിനും അടച്ചിട്ടിരിക്കുന്ന ഷെഡ്ഡുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് പുതിയ പരിപാടികൾ

ആസൂത്രണം ചെയ്യുന്നതിനും ആണി വ്യവസായം വിപുലപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ട് ഉണ്ടാക്കുന്നതിനും സമഗ്രമായ റിവ്യൂ നടത്തി പ്രൊപ്പോസൽ തയ്യാറാക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. കോഴിക്കോട് ജില്ലയിൽ എസ്.സി.പി./ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് വ്യവസായ വകുപ്പ് 5 വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇവയിൽ മൂന്ന് സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കി. പാക്കേജിംഗ് യൂണിറ്റും കാർട്ടൺബോക്സ് നിർമ്മാണ യൂണിറ്റും യഥാക്രമം ഫറോക്ക്, രാമനാട്ടുകര എന്നീ സ്ഥലങ്ങളിലേക്ക് മാറ്റിയതിനാൽ ബിസിനസ്സ് നടക്കുന്നില്ലെന്നും ആയതിനാൽ ഉല്പാദനമില്ലെന്നും അതുകാരണമാണ് മറ്റു രണ്ട് യൂണിറ്റുകളിൽ പ്രവർത്തനം നടക്കാത്തതെന്നും സമിതിക്ക് ബോദ്ധ്യമായി.

19. പട്ടികജാതി വികസന വകുപ്പും വ്യവസായ വകുപ്പും സംയുക്തമായി ആരംഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വുഡ് ഇൻഡസ്ട്രീസ് ഇപ്പോൾ വ്യവസായ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണെന്നും പ്രസ്തുത യൂണിറ്റ് സിഡ്കോയുടെ അധീനതയി ലാണെന്നും മനസ്സിലാക്കിയ സമിതിക്ക് ഇൻഡസ്ട്രിയൽ ഏരിയയിൽ സ്ഥലവും കെട്ടിടവും ലഭിച്ചിട്ടും വൈദ്യുതി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കാതിരിക്കുക യാണെന്നും അവിടെയുള്ള യന്ത്രങ്ങളും മരസാധനങ്ങളും നശിച്ചുകൊണ്ടിരിക്കുക യാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ വുഡ് ഇൻഡസ്ട്രീസ്സിൽ പ്രവർത്തിക്കാതിരിക്കുന്ന 2 സ്ഥാപനങ്ങൾ വൈദ്യുതി ലഭ്യമാക്കി തുറന്നു പ്രവർത്തിക്കുന്ന തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

20. കോഴിക്കോട് പ്രവർത്തിക്കുന്ന ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ഒരു മാസം അൻപതിനായിരം ഹോളോബ്രിക്സ് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നും ആവശ്യക്കാർ ഏറെ ഉണ്ടെങ്കിലും സ്ഥാപനം വിപുലപ്പെടുത്തുന്നതിനാവശ്യമായ സ്ഥലപരിമിതി കാരണം ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു. പ്രസ്തുത ഹോളോബ്രിക്സ് യൂണിറ്റിന് സൗകര്യപ്രദമായ കൂടുതൽ സ്ഥലം ലഭ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

21. വ്യവസായ വാണിജ്യ വകുപ്പ് ഏറ്റെടുക്കുന്ന വർക്ക്ഷെഡ്ഡുകളിൽ പുതിയ വ്യവസായ സംരംഭകർക്ക് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരി ക്കേണ്ടതിന്റെയും അതിലേക്കായി ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതിന്റെയും ആവശ്യകത സമിതി മനസ്സിലാക്കി. പ്രായോഗികമായ പദ്ധതികൾ തിരിച്ചറിഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന വർക്ക്ഷെഡ്ഡുകളിൽ വ്യവസായ സംരംഭകരെ കണ്ടെത്തി അവർക്ക് ഇ.ഡി.പി. ട്രെയിനിംഗ് നൽകി ബാങ്കുമായി ഉടമ്പടി ഉണ്ടാക്കി പട്ടികജാതി വികസന വകുപ്പിന്റെ പൂൾഡ് ഫണ്ടോ കെ.എഫ്.സി. നൽകുന്ന ഇൻഡസ്ട്രിയൽ ലോണോ ഉപയോഗിച്ച് ഒരു പാക്കേജാക്കി വ്യവസായങ്ങൾ ആരംഭിക്കാനുള്ള ഒരു പദ്ധതിക്ക് സംസ്ഥാന തലത്തിൽ രൂപം കൊടുത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി

തെളിവെടുപ്പുവേളയിൽ നിർദ്ദേശങ്ങൾ ഉയർന്നുവന്നിരുന്നു. ഈ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിലെ പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നീക്കിവെച്ചിട്ടുള്ള പൂൾഡ് ഫണ്ടും SCA to SCP, SCA to TSP ഫണ്ടുകളും പദ്ധതി നടപ്പിലാക്കാനുള്ള പ്രധാന ധനസ്രോതസ്സുകളായി പരിഗണിച്ചുകൊണ്ടും ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ സൗകര്യം ഉറപ്പാക്കിക്കൊണ്ടും ഒരു പ്രത്യേക പാക്കേജായി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള അടിയന്തിര നടപടി കൈക്കൊള്ളുവാൻ സമിതി ശുപാർശ ചെയ്യുന്നു.

22. എസ്.സി.പി./ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച ഇൻഡസ്ട്രിയൽ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് 2-6-2012-ൽ വ്യവസായ (എഫ്) വകുപ്പ് ലഭ്യമാക്കിയ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടെത്തിക്കേണ്ടതിന് അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പുരോഗതിയിൽ ഗണ്യമായ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വ്യവസായ വാണിജ്യ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ SCP/TSP ഫണ്ടുകൾ യഥാവിധി വിനിയോഗിച്ച് അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പുതിയ തലമുറയിൽപ്പെട്ട യുവതീയുവാക്കൾക്ക് അർഹമായ സാമ്പത്തിക പരിരക്ഷ നൽകി, നാനാതരത്തിലുള്ള വ്യവസായ മേഖലകളിൽ തൊഴിൽലഭ്യത ഉറപ്പുവരുത്തി അവരെ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽനിന്നും മുൻനിരയിലേക്ക് കൊണ്ടുവരുവാൻ സാധിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

അനുബന്ധം I

## സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *സമിതിയുടെ നിർദ്ദേശങ്ങൾ/ശുപാർശകൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായം ആരംഭിക്കുന്നതിന് കിൻഫ്രയിൽനിന്നും വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിക്കുന്ന പ്രോജക്ടുകൾ നിലവിലുണ്ടെങ്കിൽ അവ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ലഭ്യമാക്കണമെന്നും അപ്രകാരം വ്യവസായ പാർക്കുകളിൽ സ്ഥലവും ഷെഡ്ഡുകളും ലഭ്യമാക്കുമ്പോൾ മറ്റു വ്യവസായ സംരംഭകരിൽ നിന്നും കിൻഫ്ര ഈടാക്കുന്ന നിരക്കിൽ മാത്രമേ വാടക ഈടാക്കാവൂ എന്ന് വ്യവസ്ഥ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 6 | വ്യവസായം |
| 2 | വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 130 യൂണിറ്റുകളുടെ പിന്നിട്ട 3 വർഷത്തെ ഉല്പാദനം, വില്പന, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ യൂണിറ്റ് തിരിച്ച് പഠനവിധേയമാക്കണമെന്നും ന്യൂനതകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 7 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |
| 3 | പ്രവർത്തനം നിലച്ചുപോയിട്ടുള്ള യൂണിറ്റുകളുടെ പ്രവർത്തനം നിലയ്ക്കുവാനുണ്ടായ സാഹചര്യങ്ങൾ മനസ്സിലാക്കി അവ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ ഭൗതിക സാഹചര്യങ്ങളാണ് ആവശ്യമെന്നതു വിലയിരുത്തി അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 8 | വ്യവസായം |
| 4 | പ്രവർത്തനസജ്ജമാക്കേണ്ട 30 യൂണിറ്റുകൾ എത്രയുംവേഗം പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ അധിക ബഡ്ജറ്റ് വിഹിതം അനിവാര്യമാണെങ്കിൽ അതൊരു പ്രത്യേക പാക്കേജായി പരിഗണിച്ച് ആവശ്യമായ തുക വകയിരുത്തുവാൻ ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 9 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ പട്ടികജാതി കോളനിയിൽ നിർമ്മിച്ചിട്ടുള്ള ഷെഡ്ഡുകളുടെ നിർമ്മാണത്തിൽ വ്യവസായ വാണിജ്യ വകുപ്പിന് പങ്കുണ്ടോ; ഉണ്ടെങ്കിൽ അതിന് വിനിയോഗിച്ച തുകയും യൂണിറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതിയും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | 10 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |
| 6 | ഖണ്ഡിക 11-ൽ പരാമർശിച്ചിരിക്കുന്ന രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിച്ച് ഉത്പാദനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. | 11 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |
| 7 | സംസ്ഥാനത്ത് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ചവയും എന്നാൽ ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നവയുമായ വ്യവസായ സംരംഭങ്ങളിൽ പുനരുജ്ജീവനം സാധ്യമായവയെ ഒരു പാക്കേജിൽപ്പെടുത്തി എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പുനരുജ്ജീവിപ്പിക്കണമെന്നും അതുവഴി പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഓരോ സ്പെഷ്യൽ ഓഫീസർമാരെ നിയോഗിച്ച് ആവശ്യമായ പ്രവർത്തനം ഏകോപിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 12 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |
| 8 | കൈത്തറി വ്യവസായ യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനും പ്രവർത്തനം നിലച്ചുപോയ യൂണിറ്റുകൾക്ക് ആകർഷകമായ ഇളവുകൾ നൽകി അവയെ പുനരുജ്ജീവിപ്പിക്കണമെന്നും വനിതകളെ പ്രത്യേകിച്ച് ഈ രംഗത്തേക്ക് ആകർഷിക്കുവാൻ പദ്ധതി തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 13 | വ്യവസായം |
| 9 | എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന വർക്ക്ഷെഡ്ഡുകളിൽ പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി നല്ല വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എസ്.സി./എസ്.റ്റി.കാർക്ക് സാമ്പത്തിക സഹായം | 16 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |

| (1) | (2) | (3) | (4) |
|---|---|---|---|
| | ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണമെന്നും അതിനുള്ള ഒരു പാക്കേജ് തയ്യാറാക്കി അത് സംസ്ഥാനതലത്തിൽ പ്രചരണം നടത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തിരനടപടി കൈക്കൊള്ളണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. | | |
| 10 | കോഴിക്കോട് ജില്ലയിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ആണി ഉല്പാദന യൂണിറ്റ് മെച്ചപ്പെടുത്തുവാനും ആധുനികയുഗത്തിന് കൂടുതൽ ആവശ്യമുള്ള ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുവാനും നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ലാഭത്തിലാക്കുന്നതിനും അടച്ചിട്ടിരിക്കുന്ന ഷെഡ്ഡുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് പുതിയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ആണി വ്യവസായം വിപുലപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ട് ഉണ്ടാക്കുന്നതിനും സമഗ്രമായ റിവ്യൂ നടത്തി പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 17 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |
| 11 | വുഡ് ഇൻഡസ്ട്രീസിൽ പ്രവർത്തിക്കാതിരിക്കുന്ന 2 സ്ഥാപനങ്ങൾ വൈദ്യുതി ലഭ്യമാക്കി തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. | 19 | വ്യവസായം |
| 12 | ഹോളോബ്രിക്സ് യൂണിറ്റിന് സൗകര്യപ്രദമായ കൂടുതൽ സ്ഥലം ലഭ്യമാക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ചിന്തിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | 20 | വ്യവസായം |
| 13 | വ്യവസായ വാണിജ്യ വകുപ്പിലെ പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നീക്കിവെച്ചിട്ടുള്ള പൂൾഡ് ഫണ്ടും SCA to SCP, SCA to TSP ഫണ്ടുകളും പദ്ധതി നടപ്പിലാക്കാനുള്ള പ്രധാന ധനസ്രോതസ്സുകളായി പരിഗണിച്ചുകൊണ്ടും ദേശസാൽക്കൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ സൗകര്യം ഉറപ്പാക്കിക്കൊണ്ടും ഒരു പ്രത്യേക പാക്കേജായി വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള അടിയന്തിരനടപടി കൈക്കൊള്ളുവാൻ സമിതി ശിപാർശ ചെയ്യുന്നു. | 21 | പട്ടികജാതി പട്ടികവർഗ്ഗ വികസനം, വ്യവസായം |

അനുബന്ധം II

## എസ്.സി.പി./ടി.എസ്.പി. ഫണ്ടുപയോഗിച്ച് പ്രവർത്തനമാരംഭിച്ച വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (ഖണ്ഡിക 22)

| ക്രമ നമ്പർ | ചോദ്യം | മറുപടി | |
|---|---|---|---|
| (1) | (2) | (3) | |
| 1 | വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ എസ്.സി.പി./ ടി.എസ്.പി. ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം ജില്ലകളിൽ എത്ര വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് ? | 1. തിരുവനന്തപുരം-വേളി | .. 13 |
| | | മൺവിള | .. 7 |
| | | നിർമ്മാണം പുരോഗമിച്ചു വരുന്നവ | .. 6 |
| | | 2. കൊല്ലം | .. 6 |
| | | 3. ആലപ്പുഴ | .. 15 |
| | | 4. ഇടുക്കി | .. 1 |
| | | 5. എറണാകുളം | .. 4 |
| | | 6. പാലക്കാട് | .. 2 |
| | | 7. കോഴിക്കോട് | .. 1 |
| | | 8. വയനാട് | .. 14 |
| | | 9. കണ്ണൂർ | .. 2 |
| | | 10. കാസർഗോഡ് | .. 2 |
| 2 | എത്ര ഷെഡ്ഡുകൾ ഈ ആവശ്യത്തിലേക്കായി നിർമ്മിച്ചിട്ടുണ്ട് ? | 1. തിരുവനന്തപുരം | .. 20 |
| | | നിർമ്മാണത്തിലിരിക്കുന്നവ | .. 6 |
| | | 2. കൊല്ലം | .. 6 |
| | | 3. പത്തനംതിട്ട | .. 6 |
| | | 4. ആലപ്പുഴ | .. 21 |
| | | 5. ഇടുക്കി | .. 10 |
| | | 6. എറണാകുളം | .. 19 |
| | | 7. തൃശ്ശൂർ | .. 54 |
| | | 8. പാലക്കാട് | .. 37 |
| | | 9. മലപ്പുറം | .. 9 |
| | | 10. കോഴിക്കോട് | .. 5 |
| | | 11. വയനാട് | .. 14 |

| (1) | (2) | (3) |
|---|---|---|
| | | 12. കണ്ണൂർ-5 (2 ഷെഡ്ഡുകൾ നിർമ്മാണ ഘട്ടത്തിലാണ്) |
| | | 13. കാസർഗോഡ് .. 25 |
| 3 | പ്രസ്തുത സ്ഥലങ്ങളിൽ ഏതെല്ലാം വ്യവസായ യൂണിറ്റുകളാണ് പ്രവർത്തനമാരംഭിച്ചത് ? | തിരുവനന്തപുരം—<br>വേളിയിലെ SC/ST ഷെഡ്ഡുകളുടെ വിവരം<br>1. V.S. ഇൻഡസ്ട്രീസ് (SC/ST ഷെഡ് നമ്പർ 1)<br>2. V.S. ഇൻഡസ്ട്രീസ് (SC/ST ഷെഡ് നമ്പർ 2)<br>3. ജോമി പ്ലംബിംഗ് മെറ്റീരിയൽസ് (ഷെഡ് നമ്പർ 3)<br>4. ശോഭ പ്രിന്റേഴ്സ് (SC/ST ഷെഡ് നമ്പർ 4)<br>5. ജോഷി ഇലക്ട്രോണിക്സ് (SC/ST ഷെഡ് നമ്പർ 5)<br>6. സി. എസ്. ഫർണിച്ചർ (SC/ST ഷെഡ് നമ്പർ 6)<br>7. ക്വാളിറ്റി പ്രിന്റേഴ്സ് (ഷെഡ് നമ്പർ 7)<br>8. സ്വീബ്റ പെയിന്റ്സ് (ഷെഡ് നമ്പർ 8)<br>9. എസ്. ബി. ഗ്ലാസ് ഇൻഡസ്ട്രീസ് (ഷെഡ് നമ്പർ 9)<br>10. ന്യൂലൈറ്റ് റീ ഇൻഫോർസ്ഡ് പ്ലാസ്റ്റിക്സ് (ഷെഡ് നമ്പർ 10)<br>11. എസ്.എസ്. എൻജിനീയറിംഗ് (ഷെഡ് നമ്പർ 11)<br>12. ദേവി ഹോളോ ബ്രിക്സ് (ഷെഡ് നമ്പർ 12)<br>മൺവിള SC/ST ഷെഡ്ഡുകളുടെ വിവരം<br>1. അമ്മു കറി പൗഡർ യൂണിറ്റ് (ഷെഡ് നമ്പർ 1)<br>2. നീതു ഇൻഡസ്ട്രീസ് (ഷെഡ് നമ്പർ 2)<br>3. എസ്. ആർ. ഫുഡ്സ് (ഷെഡ് നമ്പർ 3)<br>4. ഗ്രീഷ്മ സ്റ്റീൽ ഫർണിച്ചർ (ഷെഡ് നമ്പർ 4)<br>5. കൈരളി പവർലൂം വ്യവസായ സഹകരണ സംഘം (ഷെഡ് നമ്പർ 5)<br>6. രാജീവ് ഗാന്ധി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി (ഷെഡ് നമ്പർ 6)<br>7. സിംപിൾ വീഡിയോ & ഗ്രാഫിക്സ് (ഷെഡ് നമ്പർ 7) |

| (1) | (2) | (3) |
|---|---|---|
| | | കൊല്ലം—റാണാ കോട്ടേജ് ഇൻഡസ്ട്രീസ് (ഷെഡ്ഡ് നമ്പർ 2, 3 എന്നിവ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ (എസ്.സി.) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രിന്റിംഗ് പ്രസ്സ് ആരംഭിക്കുന്നതിന് അനുവദിച്ച് നൽകിയിരുന്നെങ്കിലും ഇപ്പോൾ അവിടെ ചെറിയരീതിയിൽ അഗർബത്തി നിർമ്മാണമാണ് നടന്നുവരുന്നത്. സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലും, ഷെഡ്ഡ് താമസ സൗകര്യത്തിനായി ഉപയോഗിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും ഷെഡ്ഡ് നമ്പർ-2 സംഘത്തിൽനിന്നും തിരിച്ചെടുത്തിരിക്കുകയാണ്. എന്നാൽ ഷെഡ്ഡിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല.<br><br>ഷെഡ്ഡ് നമ്പർ 4, 5 എന്നിവയിൽ ഡോ. ബാബു, തൊടിയിൽ വീട്, എസ്.എൻ. പോളിടെക്നിക്കിന് സമീപം കൊട്ടിയം എന്നയാൽ നടത്തുന്ന ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.<br><br>ഷെഡ്ഡ് നമ്പർ-6-ൽ ശ്രീമതി ശൈലജ, കുട്ടിശ്ശേരിൽ വീട്, അയത്തിൽ പി. ഒ., കൊല്ലം നടത്തുന്ന ചെല്ലാസ് ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു.<br><br>പത്തനംതിട്ട—1 കറി പൗഡർ യൂണിറ്റ്<br><br>ആലപ്പുഴ—മാരാരിക്കുളം നോർത്ത് മിനി എസ്റ്റേറ്റുകളിലെ 5 ഷെഡ്ഡുകളിലും ആട്ടോകാസ്റ്റിന്റെ അനുബന്ധ യൂണിറ്റുകളും മണ്ണഞ്ചേരി മിനി എസ്റ്റേറ്റിലെ 3 ഷെഡ്ഡുകളിൽ M/s വേണു ഇൻഡസ്ട്രീസ്, M/s ബാബു കാർട്ടൺ വർക്ക്സ് എന്നീ യൂണിറ്റുകളും പ്രവർത്തിക്കുമ്പോൾ ശേഷിച്ച ഒരു ഷെഡ്ഡ് ഒഴിഞ്ഞുകിടക്കുന്നു. അരൂർ വ്യവസായ എസ്റ്റേറ്റിലെ 3 ഷെഡ്ഡുകളിൽ അഞ്ജു മെറ്റൽസ് (2 ഷെഡ്ഡ്) വി. എസ്. മെറ്റൽസ് (1 ഷെഡ്ഡ്) എന്നീ യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുള്ളതാണ്. |

| (1) | (2) | (3) |
|---|---|---|
| | | കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിലെ 10 ഷെഡ്ഡുകൾ താഴെപ്പറയുന്ന യൂണിറ്റുകൾക്ക് അനുവദിച്ചിരുന്നു: |
| | | 1. പ്രിയദർശിനി പ്രിന്റേഴ്സ് ..2 ഷെഡ്ഡ് |
| | | 2. ആലപ്പുഴ ഹാന്റ്ലൂം ഹരിജൻ വെൽഫെയർ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ..3 ഷെഡ്ഡ് |
| | | 3. കലിക്കൽ ഇൻഡസ്ട്രീസ് ..1 ഷെഡ്ഡ് |
| | | 4. പരഭ്രം ഇൻഡസ്ട്രീസ് ..2 ഷെഡ്ഡ് |
| | | 5. ജിഷ ഗാർമെന്റ്സ് ..1 ഷെഡ്ഡ് |
| | | 6. ഇലക്ട്രാ പോർട്ട് ..1 ഷെഡ്ഡ് |
| | | ഇടുക്കി |
| | | 1. എസ്.സി. കമ്മ്യൂണിക്കേഷൻസ് STDP മുട്ടം (ശ്രീ. കൃഷ്ണദാസ്, കടുകംമാക്കൽ വീട്, ഇലപ്പള്ളി) |
| | | 2. യൂണികോം ഹാൻഡിക്രാഫ്റ്റ് വർക്ക്സ് STDP മുട്ടം (ശ്രീ. ജോൺസൺ ജോസഫ്, പതിക്കാംപാറയിൽ വീട്, ഇടപ്പിള്ളി) |
| | | 3. പ്ലാസ്റ്റിക് ഗ്രാനൈറ്റ്, STDP മുട്ടം (ശ്രീ. ഐസക് ദേവസ്യ, തേരകപ്ലാക്കൽ വീട്, കടയത്തൂർ) |
| | | 4. കിംഗ് ബോട്ടിൽസ് SC2 ഷെഡ്ഡ് DP മുട്ടം (ശ്രീ. കെ. ജി. രാജൻ, കരിക്കിനാംപാറയിൽ, ഇടപ്പിള്ളിക്കര, മുട്ടം) |
| | | 5. ഐശ്വര്യ, വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, റെഡിമെയ്ഡ്) |
| | | എറണാകുളം |
| | | കളമശ്ശേരി എസ്റ്റേറ്റ് I |
| | | പ്രിന്റ് ഹൗസ്. |
| | | പെർഫെക്ട് എൻജിനീയറിംഗ് |
| | | എക്സലന്റ് പ്രിന്റേഴ്സ് |
| | | ദേവതാ ഇൻഡസ്ട്രീസ് |
| | | എം. ജെ. എന്റർപ്രൈസസ് |
| | | എ. ആന്റ് എസ്. ബി. എന്റർപ്രൈസസ് |
| | | റിയൽ കാസ്റ്റിംഗ്സ് |
| | | ടി. കെ. പി. ഇൻഡസ്ട്രീസ്. |

| (1) | (2) | (3) |
|---|---|---|
| | | കളമശ്ശേരി എസ്റ്റേറ്റ് II |
| | | ബി. പി. ഫൈബർ പ്രോഡക്ട്സ് |
| | | എടയാർ എസ്റ്റേറ്റ് |
| | | എസ്. കെ. വുഡ് ഇൻഡസ്ട്രീസ് |
| | | അർജ്ജുന ഇൻഡസ്ട്രീസ് |
| | | ആലുവ ഫൈബർ ഇൻഡസ്ട്രീസ് |
| | | കൈരളി വുഡ് ഇൻഡസ്ട്രീസ് |
| | | സൂര്യ റബ്ബേഴ്സ് |
| | | എസ്. വി. ഫുഡ്സ്. |
| | | അങ്കമാലി എസ്റ്റേറ്റ് |
| | | ജാക്സ് എന്റർപ്രൈസസ് |
| | | ശിവൻ എന്റർപ്രൈസസ് |
| | | എസ്. ആന്റ് എസ്. സ്റ്റീൽ ഇൻഡസ്ട്രീസ്. |
| | | തൃശ്ശൂർ |
| | | എഞ്ചിനീയറിംഗ്/പ്ലാസ്റ്റിക് വ്യവസായ യൂണിറ്റുകൾ. |
| | | പാലക്കാട് |
| | | ആകെയുള്ള 37 ഷെഡ്ഡുകളിൽ 19 എണ്ണം ലഘു എഞ്ചിനീയറിംഗ് യൂണിറ്റുകൾക്കായും 2 എണ്ണം പ്ലാസ്റ്റിക് ഉൽപ്പന്ന നിർമ്മാണത്തിനായും 7 എണ്ണം ഇലക്ട്രോണിക് & ഇലക്ട്രിക്കൽ ഉൽപ്പന്ന നിർമ്മാണ യൂണിറ്റിനായും 2 എണ്ണം സോപ്പ് ഡിറ്റർജന്റ് നിർമ്മാണത്തിനായും 2 എണ്ണം കരകൗശല ഉൽപ്പന്ന നിർമ്മാണത്തിനായും 3 എണ്ണം ഹെർബൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായും മറ്റ് ഓരോ ഷെഡ്ഡുകൾ റബ്ബറധിഷ്ഠിത യൂണിറ്റിനായും റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിനായും നൽകിയിട്ടുള്ളതാണ്. |

| (1) | (2) | (3) |
|---|---|---|
| | | മലപ്പുറം<br>(എ) കോട്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റിലെ എസ്.സി. ഷെഡ്ഡുകളിൽ മരാധിഷ്ഠിത വ്യവസായ യൂണിറ്റ്, പ്ലാസ്റ്റിക് വ്യവസായ യൂണിറ്റ് എന്നിവയാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.<br>(ബി) പേപ്പർ പ്ലേറ്റ്, പേപ്പർ കപ്പ്, അലുമിനിയം കളറിംഗ്, അലോയി പ്രൊഡക്ഷൻ എന്നീ 4 യൂണിറ്റുകൾ ഊരകം മിനി വ്യവസായ എസ്റ്റേറ്റിലെ എസ്.സി. ഷെഡ്ഡുകളിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>കോഴിക്കോട്<br>ബുക്ക് ബൈന്റിംഗ് യൂണിറ്റ്, ബേക്കറി യൂണിറ്റ് എന്നിവ.<br>വയനാട്<br>ഭാസ്ക്കർ ആട്സ് (സ്ക്രീൻ പ്രിന്റിംഗ് യൂണിറ്റ്)<br>മീര കോഫി പൗഡർ യൂണിറ്റ്<br>വിവേക് ഓട്ടോ ഗ്യാരേജ്, സുൽത്താൻ ബത്തേരി<br>വയനാട് ഇൻഡസ്ട്രീസ് (ജനറൽ എൻജിനീയറിംഗ്)<br>കണ്ണൂർ<br>ഒരു സ്ഥാപനം കണ്ണൂർ പട്ടികജാതി റബ്ബർ പ്ലാസ്റ്റിക്, വുഡ് സിമന്റ് & സ്റ്റീൽ വർക്കേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ്ഇൻഡ് (സി) 177.<br>കാസർഗോഡ്<br>വിദ്യാനഗർ-ടയർ റീസോളിംഗ് ടയർക്രഷിംഗ് ഫർണിച്ചർ ഫ്ളവർ മിൽ വെൽഡിംഗ് ആട്ടോ മൊബൈൽ റിപ്പയർ.<br>കുമ്പള-എസ്.സി. വിഭാഗങ്ങൾക്ക് അനുവദിച്ച 3 ഷെഡ്ഡുകളിൽ വിനാഗിരി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നു. |

| (1) | (2) | (3) |
|---|---|---|
| | | തിരുവനന്തപുരം |
| 4. | അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ? | വേളിയിൽ പ്രവർത്തനരഹിതമായ 2 യൂണിറ്റ് തിരികെ എടുക്കുകയുണ്ടായി. അവ പുതിയ സംരംഭകർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| | | കൊല്ലം |
| | | ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ (എസ്.സി.) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിരുന്ന ഷെഡ്ഡ് നമ്പർ 2, 3 എന്നിവയിൽ സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലാണ് ഷെഡ്ഡ് നമ്പർ 2 സംഘത്തിൽ നിന്നും തിരിച്ചെടുക്കേണ്ടിവന്നത്. മറ്റ് സ്ഥാപനങ്ങളെല്ലാം പ്രവർത്തിച്ചുവരുന്നു. |
| | | പത്തനംതിട്ട |
| | | അടൂരിൽ കറി പൗഡർ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. |
| | | ആലപ്പുഴ |
| | | മാരാരിക്കുളം നോർത്ത് മിനി എസ്റ്റേറ്റിലെ 5 ഷെഡ്ഡുകളിൽ 4 എണ്ണം അടഞ്ഞുകിടക്കുന്നു. ഒരെണ്ണം പ്രവർത്തിക്കുന്നു. മണ്ണഞ്ചേരി എസ്റ്റേറ്റിലെ 3 ഷെഡ്ഡുകളിൽ 2 എണ്ണം പ്രവർത്തിക്കുമ്പോൾ ഒരെണ്ണം അടഞ്ഞുകിടക്കുന്നു. അരൂർ എസ്റ്റേറ്റിലെ 3 ഷെഡ്ഡുകളിൽ രണ്ടെണ്ണവും കൊല്ലക്കടവ് എസ്റ്റേറ്റിലെ 10 ഷെഡ്ഡും പ്രവർത്തിക്കുന്നില്ല. |
| | | ഇടുക്കി |
| | | ഡി.പി. മുട്ടം ആകെ 5 ഷെഡ്ഡുകളിലായി അനുവദിച്ച 4 വ്യവസായ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. |
| | | മണക്കാട് മിനി വ്യവസായ എസ്റ്റേറ്റുകളിലുള്ള ഐശ്വര്യ വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനം ഇല്ല. |

| (1) | (2) | (3) |
|---|---|---|
| | | പനംകുട്ടി എസ്.എസ്.റ്റി. സംരംഭകർക്കുള്ള ഷെഡ്ഡ് പണിയുന്നതിന് നിർമ്മിതികേന്ദ്രവുമായി എഗ്രിമെന്റ് ആയിട്ടുണ്ട്.<br><br>എറണാകുളം<br><br>18 ഷെഡ്ഡുകളിലായി 17 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു. ഒരു ഷെഡ്ഡിലെ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി മെഷീനറികൾ സ്ഥാപിച്ചിട്ടുള്ളതും ഇലക്ട്രിസിറ്റി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതും ആണ്.<br><br>തൃശ്ശൂർ<br><br>50%-ത്തോളം യൂണിറ്റുകൾ ശരിയായ നിലയിൽ പ്രവർത്തിക്കുന്നു.<br><br>പാലക്കാട്<br><br>ഇവിടെയുള്ള യൂണിറ്റുകളിൾ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, റബ്ബറധിഷ്ഠിത യൂണിറ്റ്, ഒരു ട്രാൻസ്ഫോർമർ ആന്റ് സ്റ്റെബിലൈസർ നിർമ്മാണ യൂണിറ്റ്, രണ്ട് ലഘു എഞ്ചിനീയറിംഗ് യൂണിറ്റ് എന്നിവ പ്രവർത്തന രഹിതമാണ്.<br><br>മലപ്പുറം<br><br>കോട്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റിലെ പ്ലാസ്റ്റിക് വ്യവസായ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആനമങ്ങാട് യൂണിറ്റ് നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ തൊഴിൽ നൽകാൻ സാധിച്ചിട്ടില്ല. ഊരകം മിനിവ്യവസായ എസ്റ്റേറ്റിൽ 4 എസ്.സി. യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരു എസ്.സി. യൂണിറ്റ് വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല.<br><br>കോഴിക്കോട്<br><br>ഷെഡ്ഡ് നമ്പർ 3, ബുക്ക് ബൈന്റിംഗ് യൂണിറ്റ്, ഷെഡ്ഡ് നമ്പർ 5, ബേക്കറി യൂണിറ്റ് എന്നിവ |

| (1) | (2) | (3) |
|---|---|---|
| | | ഇപ്പോൾ പ്രവർത്തിക്കുന്നു. ഷെഡ്ഡ് നമ്പർ 4, ആണി വ്യവസായ യൂണിറ്റ്, ഷെഡ്ഡ് നമ്പർ 2, സ്റ്റീൽ-അലൂമിനിയം ഫർണിച്ചർ യൂണിറ്റ്, ഷെഡ്ഡ് നമ്പർ 1 പാക്കേജിംഗ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിച്ചുവരുന്നു.<br>വയനാട്<br>പനമരത്ത് നിർമ്മിതി കേന്ദ്രയുടെ സ്ഥലത്ത് പണിത ഷെഡ്ഡുകൾ 6 എണ്ണം പട്ടിക വിഭാഗക്കാരുടെ കെട്ടിട നിർമ്മാണ പരിശീലനത്തിനായി ഉപയോഗിക്കുന്നു.<br>ലക്കിടിയിൽ നിർമ്മിതി കേന്ദ്രയുടെ സ്ഥലത്ത് പണിത ഷെഡ്ഡുകൾ സ്ഥിതിചെയ്ത സ്ഥലം കോടതി കേസിൽപ്പെട്ട് ഷെഡ്ഡുകൾ പൊളിച്ചു നീക്കപ്പെട്ടതിനാൽ ഇതിന്റെ കസ്റ്റോഡിയനായ നിർമ്മിതി കേന്ദ്രയോട് നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.<br>പൂക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ഷെഡ്ഡുകൾ SC/ST വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ടെങ്കിലും അവിടെ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. ഇക്കാര്യം ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ DTPC ചെയർമാൻ ആയ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.<br>സുൽത്താൻ ബത്തേരി മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡ്ഡുകളിൽ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ളവയിൽ പ്രത്യേകം യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.<br>കണ്ണൂർ<br>പ്രവർത്തിക്കുന്നില്ല.<br>കാസർഗോഡ്<br>എല്ലാം യൂണിറ്റുകളും പ്രവർത്തിക്കുന്നു. |

| (1) | (2) | (3) | |
|---|---|---|---|
| 5 | ഓരോ യൂണിറ്റിൽ നിന്നും എത്രപേർക്ക് തൊഴിൽ നൽകി ; വിശദാംശം ലഭ്യമാക്കുമോ ? | തിരുവനന്തപുരം | |
| | | വേളി എസ്.സി./ സംരംഭകർക്കുള്ള ഷെഡ്ഡ് | ജോലി ചെയ്യുന്ന വരുടെ എണ്ണം |
| | | 1. വി. എസ്. ഇൻഡസ്ട്രീസ് (ഷെഡ്ഡ് നമ്പർ 1 & 2) | 18 |
| | | 2. ജോമി പ്ലംബിംഗ് മെറ്റീരിയൽ (ഷെഡ്ഡ് നമ്പർ 3 & 4) | 10 |
| | | 3. ജോഷി ഇലക്ട്രോണിക്സ് (ഷെഡ്ഡ് നമ്പർ 5) | 2 |
| | | 4. സി. എസ്. ഫർണിച്ചർ (ഷെഡ്ഡ് നമ്പർ 6) | 2 |
| | | 5. ക്വാളിറ്റി പ്രിന്റേഴ്സ് (ഷെഡ്ഡ് നമ്പർ 7) | 2 |
| | | 6. സ്വീബ്റ പെയിന്റ്സ് (ഷെഡ്ഡ് നമ്പർ 8) | 2 |
| | | 7. എസ്. ബി. ഗ്ലാസ് ഇൻഡസ്ട്രീസ് (ഷെഡ്ഡ് നമ്പർ 9) | 6 |
| | | 8. ന്യൂലൈറ്റ് റീ ഇൻഫോസിസ് പ്ലാസ്റ്റിക് (ഷെഡ്ഡ് നമ്പർ 10) | 2 |
| | | 9. എസ്. എസ്. എൻജിനീയറിംഗ് (ഷെഡ്ഡ് നമ്പർ 11) | 8 |
| | | 10. റേവി ഹോളോബ്രിക്സ് (ഷെഡ്ഡ് നമ്പർ 12) | 5 |
| | | മൺവിള എസ്.സി./എസ്.റ്റി. സംരംഭകർക്കുള്ള ഷെഡ്ഡ് | |
| | | 1. അമ്മു കറി പൗഡർ യൂണിറ്റ് (ഷെഡ്ഡ് നമ്പർ 1) | 2 |
| | | 2. നീതു ഇൻഡസ്ട്രീസ് (ഷെഡ്ഡ് നമ്പർ 2) | 2 |
| | | 3. എസ്. ആർ. ഫുഡ്സ് (ഷെഡ്ഡ് നമ്പർ 3) | 2 |

| (1) | (2) | (3) | |
|---|---|---|---|
| | | 4. ഗ്രീഷ്മ സ്റ്റീൽ ഫർണിച്ചർ (ഷെഡ്ഡ് നമ്പർ 4) | 4 |
| | | 5. കൈരളി പവർലൂം വ്യവസായ സഹകരണ സംഘം (ഷെഡ്ഡ് നമ്പർ 5) | 3 |
| | | 6. രാജീവ് ഗാന്ധി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി (ഷെഡ്ഡ് നമ്പർ 6) | 1 |
| | | 7. സിംപിൾ വീഡിയോ & ഗ്രാഫിക്സ് (ഷെഡ്ഡ് നമ്പർ 7) | 1 |
| | | മൺവിള, വേളി എന്നിവിടങ്ങളിലായി എസ്.സി./എസ്.റ്റി. സംരംഭകർക്കായുള്ള ഷെഡ്ഡുകളിൽ 68 തൊഴിലാളികൾ ജോലി ചെയ്യുന്നു. | |
| | | <u>കൊല്ലം</u> | |
| | | ഷെഡ്ഡ് നമ്പർ 1-ൽ ശ്രീമതി സതിയുടെ ഉടമസ്ഥതയിൽ റാണാ കോട്ടേജ് ഇൻഡസ്ട്രീസ് അഗർബത്തി നിർമ്മാണ യൂണിറ്റിൽ 1-ഉം ഷെഡ്ഡ് നമ്പർ 2, 3-ൽ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ (എസ്.സി.) ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 15-ഉം ഷെഡ്ഡ് 4, 5-ൽ ഡോ. ബാബു, തൊടിയിൽ വീട് നടത്തുന്ന ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റിൽ 5-ഉം ഷെഡ്ഡ് നമ്പർ 6-ൽ ശ്രീമതി ശൈലജ, കുട്ടിശ്ശേരിൽ വീട്, അയത്തിൽ നടത്തുന്ന ചെല്ലാസ് ഫുഡ് പ്രോഡക്ട്സിൽ 6 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. ആകെ 27 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. | |
| | | <u>പത്തനംതിട്ട</u> | |
| | | അടൂർ യൂണിറ്റിൽ 4 പേക്ക് തൊഴിൽ ലഭിച്ചു. | |
| | | <u>ആലപ്പുഴ</u> | |
| | | മാരാരിക്കുളം നോർത്ത് എസ്റ്റേറ്റിലെ 5 ഷെഡ്ഡുകളിൽ ആകെ 10 പേർക്കും (5 X 2) മണ്ണഞ്ചേരി എസ്റ്റേറ്റിലെ വേണു ഇൻഡസ്ട്രീസിൽ | |

| (1) | (2) | (3) |
|---|---|---|
| | | 4 പേർക്കും ബാബു കാർട്ടൻ വർക്ക്സിൽ 3 പേർക്കും അരൂർ എസ്റ്റേറ്റിലെ അഞ്ജു മെറ്റൽസിൽ 4 പേർക്കും തൊഴിൽ നൽകിവരുന്നു. |
| | | ഇടുക്കി |
| | | 1. എസ്. സി. കമ്മ്യൂണിക്കേഷൻസ് .. 2 |
| | | 2. യൂണിക്കോം ഹാൻഡിക്രാഫ്റ്റ് വർക്ക്സ് .. 2 |
| | | 3. പ്ലാസ്റ്റിക് ഗ്രാനൈറ്റ് .. 2 |
| | | 4. കിംഗ് ബോട്ടിൽസ് .. 2 |
| | | എറണാകുളം |
| | | കളമശ്ശേരി എസ്റ്റേറ്റ് I |
| | | പ്രിന്റ് ഹൗസ് .. 9 |
| | | പെർഫെക്ട് എൻജിനീയറിംഗ് .. 4 |
| | | എക്സലന്റ് പ്രിന്റേഴ്സ് .. 3 |
| | | ദേവതാ ഇൻഡസ്ട്രീസ് .. 6 |
| | | എം.ജെ. എന്റർപ്രൈസസ് .. 2 |
| | | എ.എസ്.ബി. എന്റർപ്രൈസസ് .. 5 |
| | | മറിയൽ കാസ്റ്റിംഗ്സ് .. 3 |
| | | ടി.കെ.പി. ഇൻഡസ്ട്രീസ് .. 4 |
| | | കളമശ്ശേരി എസ്റ്റേറ്റ് II |
| | | ബി. പി. ഫൈബർ പ്രോഡക്ട്സ് .. 16 |
| | | എടയാർ എസ്റ്റേറ്റ് |
| | | എസ്.കെ. വുഡ് ഇൻഡസ്ട്രീസ് .. 4 |
| | | അർജ്ജുന ഇൻഡസ്ട്രീസ് .. 2 |
| | | ആലുവ ഫൈബർ ഇൻഡസ്ട്രീസ് .. 12 |
| | | കൈരളി വുഡ് ഇൻഡസ്ട്രീസ് .. 5 |
| | | സൂര്യ റബ്ബേഴ്സ് .. 8 |
| | | എസ്. വി. ഫുഡ്സ് .. 6 |

| (1) | (2) | (3) |
|---|---|---|
| | | അങ്കമാലി എസ്റ്റേറ്റ്<br>ജാക്സ് എന്റർപ്രൈസസ് .. 2<br>ശിവൻ എന്റർപ്രൈസസ് .. 3<br>എസ്.ആന്റ് എസ്. സ്റ്റീൽ ഇൻഡസ്ട്രീസ് .. 3<br>തൃശ്ശൂർ<br>ഏകദേശം 100 ആളുകൾക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.<br>പാലക്കാട്<br>55 ആളുകൾക്ക് തൊഴിൽ ലഭിക്കുന്നുണ്ട്.<br>മലപ്പുറം<br>കോട്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റ് എസ്.സി. സംരംഭകർക്കായുള്ള ഷെഡ്ഡിലുള്ള മരാധിഷ്ഠിത യൂണിറ്റിൽ 3 പേർ ജോലി ചെയ്യുന്നു. പ്ലാസ്റ്റിക് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.<br>ഊരകം മിനി വ്യവസായ എസ്റ്റേറ്റ് എസ്.സി. സംരംഭകർക്കായുള്ള ഷെഡ്ഡുകളിൽ 4 യൂണിറ്റുകളിലായി 14 പേർ തൊഴിൽ ചെയ്യുന്നു.<br>കോഴിക്കോട്<br>4 പേർ ഇപ്പോൾ ജോലി ചെയ്യുന്നു.<br>വയനാട്<br>സുൽത്താൻ ബത്തേരി മിനി വ്യവസായ എസ്റ്റേറ്റ് 4 യൂണിറ്റുകളിലായി 11 പേർക്കും നിർമ്മിതി കേന്ദ്രയുടെ സ്ഥലത്തുള്ള ഷെഡ്ഡുകളിൽ 6 പേർക്കും DTPC-യുടെ സ്ഥലത്തുള്ള ഷെഡ്ഡിൽ 6 പേർക്കും തൊഴിലുണ്ട്.<br>കണ്ണൂർ<br>സംഘത്തിന്റെ അംഗങ്ങളായ 7 പേർക്ക് തൊഴിൽ നൽകി വരുന്നു.<br>കാസർഗോഡ്<br>വിദ്യാനഗറിൽ 20 പേർക്കും കുമ്പളയിൽ 3 പേർക്കും തൊഴിൽ നൽകിവരുന്നു. |

| (1) | (2) | (3) |
|---|---|---|
| 6 | പ്രവർത്തനം നിലച്ചവയുണ്ടെങ്കിൽ എന്തുകൊണ്ടാണ് അവയുടെ പ്രവർത്തനം നിലച്ചത് ? അവയെ പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ? | തിരുവനന്തപുരം—അടിയന്തിരമായി വിവരം ശേഖരിച്ചു നൽകുന്നതാണ്.<br><br>കൊല്ലം—ഷെഡ്ഡ് നമ്പർ 2, 3 എന്നിവയിൽ അഗർബത്തി നിർമ്മാണം നാമമാത്രമായാണ് നടക്കുന്നത്. ആയതിന് 2 ഷെഡ്ഡുകൾ ആവശ്യമില്ല. ആയതിനാൽ ഷെഡ്ഡ് നമ്പർ 2-ലെ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചതായി കണക്കാക്കാവുന്നതാണ്.<br><br>ആലപ്പുഴ—മാരാരിക്കുളം മിനി എസ്റ്റേറ്റിലെ 4 യൂണിറ്റുകളിലും അരൂർ വ്യവസായ എസ്റ്റേറ്റിലെ ഒരു യൂണിറ്റിലും കൊല്ലക്കടവ് വ്യവസായ എസ്റ്റേറ്റിലെ 10 ഷെഡ്ഡുകളിലും പ്രവർത്തനം നടക്കുന്നില്ല. ടി. യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിന് സാദ്ധ്യത കാണുന്നില്ല.<br><br>ഇടുക്കി—മണക്കാട് മിനി വ്യവസായ എസ്റ്റേറ്റ്, ഐശ്വര്യ വിമൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഗാർമെന്റ്സ് യൂണിറ്റ് എന്നിവ ജോലിക്കാരുടെ അഭാവംമൂലം പുനരുദ്ധരിക്കാൻ സാദ്ധ്യത കാണുന്നില്ല.<br><br>തൃശ്ശൂർ—മൂലധനത്തിന്റെ കുറവ് സാങ്കേതിക/ മാനേജ്മെന്റ് വിദ്യകളുടെ അഭാവം എന്നിവയാണ് മിക്ക യൂണിറ്റുകളുടേയും സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്നത്. പ്രസ്തുത യൂണിറ്റുകളെ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പാലക്കാട്—പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലമാണ് ചില യൂണിറ്റുകളുടെ (5 എണ്ണം) പ്രവർത്തനം നിലച്ചത്. ആയത് പുനരുദ്ധരിക്കുവാൻ സംരംഭകർ തൽപ്പരരായി മുന്നോട്ട് വന്നിട്ടില്ല.<br><br>മലപ്പുറം—കോട്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റിലെ ഒരു എസ്.സി. സംരംഭകർക്കായുള്ള ഷെഡ്ഡിലുള്ള പ്ലാസ്റ്റിക് യൂണിറ്റ് മാനേജ്മെന്റിന് താൽപ്പര്യമില്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. ഷെഡ്ഡ് തിരിച്ചെടുത്ത് പുതിയ സംരംഭം തുടങ്ങുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.<br><br>കോഴിക്കോട്—പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത നിമിത്തം. |

| (1) | (2) | (3) |
|---|---|---|
| | | വയനാട്—ലക്കിടിയിൽ നിർമ്മിതി കേന്ദ്രയുടെ സ്ഥലത്തുള്ള ഷെഡ്ഡുകൾ കോടതി കേസിൽപ്പെട്ട് പൊളിച്ചുനീക്കപ്പെട്ടു. |
| | | കണ്ണൂർ—മാനേജ്മെന്റ് തലത്തിലുള്ള അപാകതകൾമൂലമാണ് പ്രവർത്തനം നിലച്ചത്. പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| 7 | ഈ സ്ഥാപനങ്ങൾ പട്ടിക വിഭാഗത്തിൽപ്പെട്ട പുതിയ വ്യവസായ സംരംഭകരെ ഏൽപ്പിക്കാൻ കഴിയുമോ; കഴിയില്ലെങ്കിൽ എന്തുകൊണ്ട് ? | തിരുവനന്തപുരം—പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി ഈ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് ഷെഡ്ഡ് നിർമ്മിച്ച് നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്. പ്രവർത്തനം നിലച്ച യൂണിറ്റുകൾ തിരിച്ചെടുക്കുന്ന മുറയ്ക്ക് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകാവുന്നതാണ്. |
| | | കൊല്ലം—ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ എസ്.സി. ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും തിരിച്ചെടുക്കുന്ന ഷെഡ്ഡ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായവരിൽനിന്നും അപേക്ഷ ലഭിക്കുകയാണെങ്കിൽ അനുവദിച്ചു നൽകാവുന്നതാണ്. |
| | | പത്തനംതിട്ട—വൈദ്യുതി ഉപയോഗിച്ച് അല്ലാതെ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്കായി ഷെഡ്ഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയശേഷം എസ്.സി./എസ്.റ്റി. വിഭാഗക്കാർ അപേക്ഷിച്ചാൽ നൽകാവുന്നതാണ്. |
| | | ആലപ്പുഴ—പുനരുദ്ധരിക്കാൻ കഴിയാത്ത ഷെഡ്ഡുകൾ തിരിച്ചുപിടിച്ച് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പുതിയ വ്യവസായ സംരംഭകരെ ഏൽപ്പിക്കാൻ കഴിയും. |
| | | ഇടുക്കി—ഏൽപ്പിക്കുവാൻ കഴിയുന്നതാണ്. |
| | | തൃശ്ശൂർ—തൃശ്ശൂർ ജില്ലയിൽ പൊതുവെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ കുറവാണ്. ഈ വിഭാഗത്തിൽനിന്നും വ്യവസായ സംരംഭകരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ യൂണിറ്റുകൾ കൈമാറുന്നതിനുള്ള സാധ്യത കുറവാണ്. |

| (1) | (2) | (3) |
| --- | --- | --- |
| | | പാലക്കാട്—ടി ഷെഡ്ഡുകൾ, സ്പെഷ്യൽ കംപോണന്റ് പ്ലാൻ (എസ്.സി.പി.) ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുള്ളതിനാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പുതിയ സംരംഭകർക്ക് നൽകുവാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| | | മലപ്പുറം—(1) കോട്ടക്കൽ മിനി വ്യവസായ എസ്റ്റേറ്റിൽ ഒഴിവുള്ള എസ്.സി. സംരംഭകർക്കായുള്ള ഷെഡ്ഡ് തൽപ്പരരായ പട്ടികജാതിയിൽപ്പെട്ട സംരംഭകരെ കണ്ടെത്തി ഏൽപ്പിക്കാവുന്നതാണ്. |
| | | (2) മറ്റ് ഷെഡ്ഡുകൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട സംരംഭകരാണ് നടത്തുന്നത്. |
| | | കണ്ണൂർ—പുതിയ സംരംഭകരെ ഏൽപ്പിക്കാവുന്നതാണ്. |
| | | കാസർഗോഡ്—വിദ്യാനഗറിലെ ഷെഡ്ഡുകളെല്ലാം അനുവദിച്ചു കഴിഞ്ഞിട്ടുള്ളതാണ്. കുമ്പളയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട അപേക്ഷകരുണ്ടെങ്കിൽ അനുവദിക്കാവുന്നതാണ്. |